## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1012 — 30/10/2019-ലെ മറുപടിക്ക്

# പറമ്പിക്കുളം-ആളിയാർ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. വി. വിജയദാസ് | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പറമ്പിക്കുളം - ആളിയാർ പദ്ധതി കരാറുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിതല ചർച്ചയുടെ ഭാഗമായി എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളത്; വ്യക്തമാക്കാമോ; | എ) അന്തർ സംസ്ഥാന നദീജല കരാറുകൾ സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ 25/09/2019 ന് തിരുവനന്തപുരത്ത് ചേർന്ന കേരള-തമിഴ്നാട് മുഖ്യമന്ത്രിമാരുടെ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) പറമ്പിക്കുളം- ആളിയാർ കരാർ പുനരവലോകനം ചെയ്യാൻ തീരുമാനിച്ചു. ഇതിനായി ഇരു സംസ്ഥാനങ്ങളിലെയും വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ സാങ്കേതിക അംഗങ്ങൾ ഉൾപ്പെടെ , ഓരോ സംസ്ഥാനത്തിലേയും അഞ്ച് അംഗങ്ങൾ വീതമുള്ള ഒരു പത്തംഗ കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. ഈ കമ്മിറ്റി താഴെപ്പറയുന്ന കാര്യങ്ങൾ കൂടി പരിഗണിക്കുന്നതാണ്.<br><br>i) ആനമലയാർ വഴി 2.5 ടി.എം.സി വെള്ളം നൽകണമെന്ന തമിഴ്നാടിന്റെ ആവശ്യം. |

ii) പറമ്പിക്കുളം-ആളിയാർ വ്യൂഹത്തിലെ നീരാർ-നല്ലാർ ഡൈവേർഷൻ.

iii) മണക്കടവ് വിയറിൽ നിന്നും കേരളത്തിന് നൽകുന്ന വെള്ളത്തിന്റെ അളവിലും ചിറ്റൂർപുഴ പ്രദേശത്ത് നിന്നും കേരളത്തിന് നൽകുന്ന 2.5 ടി.എം.സി വെള്ളത്തിന്റെ അളവിലുമുള്ള കുറവ് സംബന്ധിച്ച കാര്യങ്ങൾ

2) ചാലിയാർ പുഴയുടെ രണ്ട് കൈവഴികൾ ഉൾപ്പെടുന്ന പാണ്ടിയാർ-പുന്നപ്പുഴ പ്രൊപ്പോസലിനെക്കുറിച്ച് പഠിക്കുന്നതിന് കേരളത്തിന്റെ KSEBL, തമിഴ്നാടിന്റെ TANGEDCO എന്നിവയിൽ നിന്നുള്ള വിദഗ്ദർ ഉൾപ്പെടുന്ന ഒരു പ്രത്യേക അഞ്ചംഗ കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.

3) കരാർ പുനരവലോകനം ചെയ്യുന്നത് സംബന്ധിച്ച് വിലയിരുത്തുന്നതിന് രണ്ട് സംസ്ഥാനങ്ങളിലെയും ചീഫ് സെക്രട്ടറിമാർ ആറ് മാസം ഇടവിട്ട് തിരുവനന്തപുരത്തും ചെന്നൈയിലും യോഗം ചേരാൻ തീരുമാനിച്ചു.

(ബി)ഇതിന്റെ ഭാഗമായി കേരളത്തിന് വന്നുചേർന്നിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദവിവരം നൽകാമോ?

ബി) 1958 മുതൽ മുൻകാല പ്രാബല്യത്തോടെ ഇരു സംസ്ഥാനങ്ങളും 29/05/1970 ൽ ഒപ്പിട്ട പി.എ.പി കരാറിന്റെ ഖണ്ഡിക 5 (സി) അനുസരിച്ച് ഉഭയകക്ഷി സമ്മതപ്രകാരം കരാറിൽ പറഞ്ഞിട്ടുള്ള

വ്യവസ്ഥകൾ ഓരോ മുപ്പത് വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ കരാർ പുതുക്കണമെന്ന കേരളത്തിന്റെ നിരന്തര ആവശ്യത്തോട് തമിഴ്നാട് ഇതു വരെ അനുകൂലമായി പ്രതികരിച്ചിരുന്നില്ല. കരാറിൽ കേരളത്തിന് ഉറപ്പാക്കിയിരുന്ന മണക്കടവിലേയും പറമ്പിക്കുളത്തെയും ജലത്തിന്റെ അളവ് ഉറപ്പാക്കാമെന്നും തമിഴ്നാട് അറിയിച്ചിട്ടുണ്ട്. എന്നാൽ തമിഴ്നാട് 25/09/2019-ൽ നടന്ന ചർച്ചയിൽ കരാർ പുതുക്കുന്ന കാര്യം സമ്മതിക്കുകയും കരാർ പുതുക്കുന്നതിനുള്ള നടപടിയുമായി മുന്നോട്ട് പോകാമെന്ന് തീരുമാനിക്കുകയും ചെയ്യുകയുണ്ടായി. ഇത് കേരളത്തെ സംബന്ധിച്ച് ഒരു പ്രധാന നേട്ടമായി കണക്കാക്കാവുന്നതാണ്. ഇതു വഴി കേരളത്തിന്റെ താൽപര്യങ്ങൾ പൂർണ്ണമായി സംരക്ഷിച്ചു കൊണ്ട് തമിഴ്നാടുമായി ചർച്ചകൾ നടത്തി പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ നിന്നും കൂടുതൽ ജലം നേടിയെടുക്കുന്നതിനുള്ള സാധ്യതകളാണ് കേരളം ആരായുന്നത്.

സെക്ഷൻ ഓഫീസർ

19